K23U 1966

Reg. No.: ................................

Name : ....................................

NAVAJYOTHI COLLEGE KANNUR DT. 670511 POST BAG No: 5, CHERUPUZHA

# II Semester B.A./B.Sc. Degree (CBCSS – OBE – Regular/Supplementary/ Improvement) Examination, April 2023
## (2019 Admission Onwards)
## ADDITIONAL COMMON COURSE IN MALAYALAM
## 2A08 MAL : കവിതാ മാതൃകകൾ

Time : 3 Hours Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **2** ചോദ്യത്തിന് ഉത്തരമെഴുതുക.

1) ചെറുശ്ശേരിയുടെ വർണ്ണനാപാടവം ശരത് വർണ്ണനത്തെ ആസ്പദമാക്കി വിവരിക്കുക.

2) ശുഭപ്രതീക്ഷയുടെയും പ്രത്യാശയുടെയും മനോഹര കാഴ്ചയാണ് വൈലോപ്പിള്ളിയുടെ ഓണപ്പാട്ടുകാർ. വിവരിക്കുക.

3) കരുണ ഏറ്റവും മഹത്വമേറിയതും മൂല്യവത്തുമായ മാനുഷിക വികാരമാണ്. കുമാരനാശാന്റെ കരുണ മുൻനിർത്തി വിശദീകരിക്കുക.

4) പാരിസ്ഥിതിക പ്രതിരോധത്തിന്റെ ശക്തമായ മാതൃകകളാണ് സുഗതകുമാരിയുടെ കാവ്യങ്ങൾ – അട്ടപ്പാടിയെ സ്വപ്നം കണ്ടു ഞാനിന്നും എന്ന കവിത മുൻനിർത്തി വിലയിരുത്തുക. **(2×7=14)**

II. **150** വാക്കിൽ കവിയാതെ ഏതെങ്കിലും **4** ചോദ്യത്തിന് ഉത്തരമെഴുതുക.

5) മനുഷ്യ സൃഷ്ടിയുടെ ഉത്പത്തിയെക്കുറിച്ചുള്ള സങ്കല്പങ്ങൾ വേദവിഹാരത്തിൽ വ്യാഖ്യാനിക്കുന്നത് എങ്ങിനെയാണ് ?

6) നിങ്ങളോടു നിങ്ങൾ തന്നെ നിരന്തരം ചോദിച്ചുകൊണ്ടിരിക്കുന്ന കുറേ ചോദ്യങ്ങളാണ് ഒരു കാലമുണ്ടായിരുന്നു എന്ന കവിതയിൽ. വിശദീകരിക്കുക.

7) ഗ്രാമീണതയുടെ ആർദ്രതയാണ് എസ്. ജോസഫ് കവിതകളുടെ മുഖമുദ്ര കുട ചൂടി മറഞ്ഞവൾ എന്ന കവിത മുൻനിർത്തി പരിശോധിക്കുക.

8) പട്ടിയായിയിരിക്കുക എളുപ്പമല്ല ഈ പ്രസ്താവന പട്ടിജന്മം എന്ന കവിത മുൻനിർത്തി വിലയിരുത്തുക.

9) പി. കുഞ്ഞിരാമൻ നായരുടെ സാമൂഹികവും രാഷ്ട്രീയവുമായ നിലപാടാണ് കാലവർഷമേ നന്ദി എന്ന കവിതയിൽ പ്രകടമാകുന്നത് – വിശദീകരിക്കുക.

10) തീവ്രമായ പ്രണയത്തിന്റെ വിജയകരമായ പര്യവസാനമാണ് ബദറുൽ മുനീർ ഹുസ്നുൽ ജമാൽ അവതരിപ്പിക്കുന്നത് - വിശദീകരിക്കുക. **(4×3=12)**

III. **100** വാക്കിൽ കവിയാതെ ഏതെങ്കിലും **4** ചോദ്യത്തിന് ഉത്തരമെഴുതുക.

11) "കുടിക്കാൻ കഞ്ഞിയില്ലാത്ത
കുന്നുകൾക്കു സുഭിക്ഷമായ്;
ഉടുക്കാൻ തുണിയില്ലാത്ത
പുഴകൾക്കിന്നു സാരിയായ് " – സന്ദർഭവും ആശയവും വ്യക്തമാക്കുക.

12) "തനിച്ച്, മഞ്ഞത്ത്, പുറത്തിരുട്ടത്ത്
നിനക്കു വേണ്ടി ഞാൻ തളിർത്തു പൂവിട്ടു..." ആർക്കു വേണ്ടി ? ആശയം വ്യക്തമാക്കുക.

13) കുട വിപ്ലവകരമായ ഒരു പ്രതീകമാണ് – പി. പി. രാമചന്ദ്രന്റെ മാൻമാർക്കു കുട എന്ന കവിത മുൻനിർത്തി വിലയിരുത്തുക.

14) മകൾ-അമ്മ-പത്നി ഈ മൂന്ന് കല്ലുകളാണ് അടുപ്പിന്റെ അടിസ്ഥാനം – പുകയില്ലാത്ത അടുപ്പുകളുടെ ഉപമ മുൻനിർത്തി വിശദീകരിക്കുക.

15) മറകുടക്കകത്തിരുട്ടു നീക്കുവാൻ വിളക്കുമായി വന്ന കറുത്ത പൂജാരി – ആരെയാണ് ഇവിടെ സൂചിപ്പിക്കുന്നത് ?

16) ശൂർപ്പണഖയും രാമനും തമ്മിലുള്ള സംഭാഷണം ചുരുക്കി എഴുതുക. **(4×2=8)**

IV. ഏതെങ്കിലും **നാലെണ്ണത്തിന്** ചെറുകുറിപ്പുകൾ തയ്യാറാക്കുക.

17) കിളിപ്പാട്ട്

18) ആധുനിക കവിത്രയം

19) മഹാകവി മോയിൻകുട്ടി വൈദ്യർ

20) പി. കുഞ്ഞിരാമൻ നായർ

21) ചെറുശ്ശേരി

22) വീരാൻകുട്ടി. **(4×1½=6)**

______________________

K22U 1266

Reg. No.: ..................................

Name : ......................................

NAVAJYOTHI COLLEGE KANNUR DT. 670511 POST BAG No: 5, CHERUPUZHA

# II Semester B.A./B.Sc. Degree (C.B.C.S.S.- O.B.E. – Regular/ Supplementary/Improvement) Examination, April 2022
## (2019 Admission Onwards)
## ADDITIONAL COMMON COURSE IN MALAYALAM
## 2A08 MAL : കവിതാ മാതൃകകൾ

Time : 3 Hours

Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

1) ചെറുശ്ശേരിയുടെ വർണ്ണനാപാടവത്തെക്കുറിച്ച് ശരത് വർണ്ണനത്തെ ആസ്പദമാക്കി വിവരിക്കുക.

2) മാപ്പിളപ്പാട്ടുകളുടെ സവിശേഷതകൾ, 'ബദറുൽ മുനീർ ഹുസ്നുൽ ജമാൽ' എന്ന കൃതിയെ മുൻനിർത്തി വിവരിക്കുക.

3) 'കഴിഞ്ഞുപോയ സുവർണകാലം ഭാവികാലമായി പുനർജ്ജനിക്കുമെന്ന പ്രതീക്ഷയുടെ മനോഹരമായ കാവ്യാവിഷ്കാരമാണ് വൈലോപ്പിള്ളിയുടെ ഓണപ്പാട്ടുകാർ' – വിശദമാക്കുക.

4) ഉത്തരാധുനിക കവിതകളുടെ സവിശേഷതകൾ എന്തെല്ലാം ? **(2×7=14)**

II. **ആറ്** ചോദ്യത്തിൽ നിന്ന് ഏതെങ്കിലും **4 എണ്ണ**ത്തിന് ഉത്തരമെഴുതുക. **ഓരോന്നും 150** വാക്കിൽ കവിയരുത്.

5) 'കഞ്ജബാണൻ തന്റെ പട്ടം കെട്ടിയ രാജ്ഞിപോലൊരു
മഞ്ജുളാംഗിയിരിക്കുന്നു മതിമോഹിനി' – വാസവദത്തയെ കവി ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ ?

6) 'നീലപർവതത്തിന്റെ മുകളിൽ നിന്നു ചാടി
നാലഞ്ചുവഴിവരുമരുവിയാറുപോലെ
ചോരയുമൊലിപ്പിച്ചു കാളരാത്രിയെപ്പോലെ
ഘോരയാം നിശാചരിവേഗത്തിൽ നടകൊണ്ടാൾ' – സന്ദർഭവും ചമല്ക്കാര ഭംഗിയും വിശദമാക്കുക.

7) 'കാർമുകിൽ മാലകൾ പോയൊരു നേരത്തു
തൂമകലർന്നശരത്തു വന്നു' – ശരത്കാലത്തിന്റെ വരവിനെ കവി ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ ?

8) 'പുകയില്ലാത്ത അടുപ്പുകളുടെ ഉപമ' – ഒരു സ്ത്രീപക്ഷ കവിതയാണോയെന്ന് പരിശോധിക്കുക.

P.T.O.

9) 'ഇരുമ്പും മരവും മണ്ണു –
മെന്റെ കൂടെപ്പിറപ്പുകൾ
എരിദാഹക്കഞ്ഞിതരും
കൈക്കോട്ടെൻ കുലദൈവതം' – കവി ഇങ്ങനെ ചിന്തിക്കാൻ കാരണമെന്ത് ?

10) 'പൃത്ഥ്വിയിലന്നു മനുഷ്യർ നടന്നപ –
ദങ്ങളിലിപ്പൊഴധോമുഖ വാമനർ
ഇത്തരിവട്ടം മാത്രം കാണ്മവർ
ഇത്തിരിവട്ടം ചിന്തിക്കുന്നവർ' – സന്ദർഭവും ആശയവുമെഴുതുക. **(4×3=12)**

III. **ആറ്** ചോദ്യത്തിൽ നിന്ന് ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക. **ഓരോന്നും 100** വാക്കിൽ കവിയരുത്.

11) 'എന്നെ നീ പരിഗ്രഹിച്ചീടേണം മടിയാതെ' – ആര് ? ആരോടാണിങ്ങനെ പറഞ്ഞത് ? സന്ദർഭമേത് ?

12) 'മദിത്ത് ഖുബ്ബമുകളേറി' – ആര് ? കാരണമെന്ത് ?

13) 'നരനിൽ നിന്നിവളെ സമസ്തേശ്വരകര –
മുരുവാക്കുകമൂലം നാരിയെന്നിവൾ പേരാം' – സന്ദർഭവും ആശയവുമെഴുതുക.

14) 'ഇവളെ സ്നേഹിക്കയാലസ്വസ്ഥം
മമ ജന്മം' – ആർക്ക് ? എന്തുകൊണ്ട് ?

15) 'മറക്കുടയ്ക്കകത്തിരുട്ടു നീക്കുവാൻ
വിളക്കുമായ് വന്ന കറുത്ത പൂജാരി' – ആരെക്കുറിച്ചാണീ പരാമർശം ? വിശദമാക്കുക.

16) 'എനിക്ക് പറയാനുള്ളത് നിന്നോടാണ് ' – ആർക്ക് ? എന്താണ് പറയാനുള്ളത് ? **(4×2=8)**

IV. **ആറ്** ചോദ്യത്തിൽ നിന്ന് ഏതെങ്കിലും **നാല്** ചോദ്യത്തിന് ചെറുകുറിപ്പുകൾ തയ്യാറാക്കുക.

17) എസ്. ജോസഫ്

18) രാത്രിമരം

19) കൃഷ്ണഗാഥ

20) കിളിപ്പാട്ട്

21) മോയിൻകുട്ടി വൈദ്യർ

22) വൈലോപ്പിള്ളി ശ്രീധരമേനോൻ. **(4×1½=6)**

K21U 3503

Reg. No.: ...............................

Name : ..................................

# II Semester B.A./B.Sc. Degree (CBCSS-OBE – Reg./Sup./Imp.) Examination, April 2021 (2019 Admission Onwards)
## ADDITIONAL COMMON COURSE IN MALAYALAM
## 2A 08 MAL : കവിതാമാതൃകകൾ

Time : 3 Hours Max. Marks : 40

I. താഴെ തന്നിരിക്കുന്ന 4 ചോദ്യങ്ങളിൽ നിന്ന് **രണ്ടെണ്ണത്തിനു** 300 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

1) ഭാഷയുടെ ലാളിത്യമാണ് കൃഷ്ണഗാഥയുടെ പ്രത്യേകത. ശരദ്വർണ്ണനത്തെ ആസ്പദമാക്കി വിലയിരുത്തുക.

2) ആസക്തിയാണ് ദു:ഖത്തിനു കാരണമെന്ന ബുദ്ധദർശനം ഉൾക്കൊള്ളുന്ന കൃതിയാണ് 'കരുണ'. ചർച്ച ചെയ്യുക.

3) മലയാളികളുടെ തിരുവോണസങ്കല്പം 'ഓണപ്പാട്ടുകാരിൽ' എങ്ങനെയാണ് ചിത്രീകരിച്ചിരിക്കുന്നത് ?

4) നവോത്ഥാന മൂല്യങ്ങൾ നഷ്ടപ്പെടുന്നതിനെക്കുറിച്ചുള്ള ആകുലതയാണ് 'മാൻമാർക്കുകുട' – വിശകലനം ചെയ്യുക. **(2×7=14)**

II. താഴെ തന്നിരിക്കുന്ന 6 ചോദ്യങ്ങളിൽ നിന്ന് 4 ചോദ്യത്തിന് 150 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

5) ശൂർപ്പണഖയുടെ വരവ് എപ്രകാരമാണ് എഴുത്തച്ഛൻ അവതരിപ്പിച്ചിരിക്കുന്നത് ?

6) ശരത്കാലത്തു പ്രകൃതിക്കുണ്ടാകുന്ന മാറ്റം മനുഷ്യമനസ്സുമായി എങ്ങനെയാണ് ബന്ധിപ്പിച്ചിരിക്കുന്നത് ?

7) മനുഷ്യസൃഷ്ടിയിൽ സംഭവിച്ചതെന്തൊക്കെയായിരുന്നു ?

8) പരിസ്ഥിതിസംരക്ഷണത്തിന്റെ ആവശ്യകത ചർച്ച ചെയ്യുന്ന കവിതയാണ് 'അട്ടപ്പാടിയെ സ്വപ്നം കണ്ടു, ഞാനിന്നും' – വിശകലനം ചെയ്യുക.

9) 'ഒരു കാലമുണ്ടായിരുന്നു' എന്ന കവിതയിൽ അവതരിപ്പിക്കുന്ന സാമൂഹിക വിമർശനം എന്താണ് ?

10) അടച്ചിടപെട്ട സ്ത്രീജീവിതത്തിന്റെ ദുരന്തമുഖമാണ് 'പുകയില്ലാത്ത അടുപ്പുകളുടെ ഉപമ'യിൽ അവതരിപ്പിക്കുന്നത്. വിശദീകരിക്കുക. **(4×3=12)**

P.T.O.

III. താഴെ തന്നിരിക്കുന്ന **6** ചോദ്യങ്ങളിൽ നിന്ന് **4** എണ്ണത്തിന് **100** വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

11) ശരത്കാലത്തെ പ്രകൃതിയെ കവി എങ്ങനെയാണ് ശരദ്വർണ്ണത്തിൽ അവതരിപ്പിച്ചിരിക്കുന്നത് ?

12) ബദറുൽ മുനീറിന്റെ സൗന്ദര്യം കാണുമ്പോൾ സ്ത്രീകൾക്കുണ്ടാകുന്ന മാറ്റങ്ങൾ എന്തൊക്കെയാണ് ?

13) 'കരപ്പറ്റി നിന്നു വീണ്ടും കുണുങ്ങിത്തൻ കുളത്തിലേ –
കരയന്നപ്പിടപോലെ നടന്നുപോയി'. – നടന്നു പോകാനുള്ള കാരണമെന്താണ് ?

14) ഇക്കൊടും വറുതിച്ചൂടി –
ലിന്നീ-മിഥുനരാത്രിയിൽ
നീ തന്നെ മുത്തുമാലയ്ക്കു
കൂപ്പുകൈ കാലവർഷമേ – എന്തിനാണ് കവി കാലവർഷത്തോടു നന്ദി പറയുന്നത് ?

15) ഉണ്ണിക്കു പാലുകാച്ചി
ഉണ്ണിടച്ചനു നെയ്യുരുക്കി
അച്ചാച്ചനു ചൂടുവെള്ളമനത്തി
മുക്കല്ലും തേഞ്ഞുതീരണം – സ്ത്രീ ജീവിതത്തിലെ ഏതൊക്കെ പ്രശ്നങ്ങളാണ് ഇവിടെ ചർച്ച ചെയ്യുന്നത് ?

16) അറിയില്ലൊന്നും ഞാൻ – പ്രണയിപ്പൂ നിന്നെ –
കവയിത്രിയുടെ പ്രണയം എങ്ങനെയുള്ളതാണ് ? **(4×2=8)**

IV. താഴെ തന്നിരിക്കുന്ന **6** ചോദ്യങ്ങളിൽ നിന്ന് **4** എണ്ണത്തിന് ചെറുകുറിപ്പുകൾ തയ്യാറാക്കുക.

17) വിവാഹാഭ്യർത്ഥനയുമായി എത്തിയ ശൂർപ്പണഖയോട് ശ്രീരാമൻ നൽകിയ മറുപടി എന്താണ് ?

18) എന്താണ് ഗാഥ ?

19) മാപ്പിളപ്പാട്ട്.

20) വിശപ്പിനു വിഭവങ്ങൾ വെറുപ്പോളമശിച്ചാലും
വിശിഷ്ടഭോജ്യങ്ങൾ കാൺകിൽ കൊതിയാമാർക്കും – വിവക്ഷ എന്താണ് ?

21) അട്ടപ്പാടിയിൽ കവയിത്രി കണ്ട ജീവിതം എങ്ങനെയുള്ളതായിരുന്നു ?

22) 'ഈ പട്ടിജന്മത്തിൽ നിർവൃതിയടഞ്ഞ് എനിക്ക് എവിടെയെങ്കിലും ഒന്നു ചുരുണ്ടു കൂടാമായിരുന്നു' – ആശയം വ്യക്തമാക്കുക. **(4×1½=6)**

---